**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമംതിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് –ഡോ.ഹരിപ്രിയ ഹരിലാൽ,PEN:943820,അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.Letter No.DMOH-KNR/4950/2025-A5 Dated:08.09.2025

2.കാരണം കാണിക്കൽ നോട്ടീസ് നം DHS/27843/2025-EA3 Dated :12.12.2025

**ഉത്തരവ് നം.DHS/27843/2025-EA3 തീയതി.03-06-2026**

ഡോ.ഹരിപ്രിയ ഹരിലാൽ, PEN:943820, അസിസ്റ്റന്റ് സർജൻ തസ്തികയിൽ 12.12.2022 ന് ആരോഗ്യ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച വ്യക്തിയാണ്. കണ്ണൂർ ഇരിവേരി സാമൂഹികാരോഗ്യകേന്ദ്രത്തിൽ ജോലി ചെയ്തു വരവേ ഒരു വർഷത്തെ സീനിയർ റെസിഡൻസിക്കു പോയിരുന്നു. എന്നാൽ സീനിയർ റെസിഡൻസിക്കു ശേഷം സേവനത്തിൽ തിരികെ പ്രവേശിച്ചിട്ടില്ല. 02.02.2024 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു.

ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് ടിയാളുടെ ലഭ്യമായ

മേൽ വിലാസത്തിലേയ്ക്ക് അയച്ചു നൽകുകയും ചെയ്തിരുന്നു. നിശ്ചിത സമയ പരിധി കഴിഞ്ഞിട്ടും കാരണം കാണിക്കൽ നോട്ടീസിനോട് ടിയാൾ പ്രതികരിച്ചിട്ടില്ല. ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല.

**(3)** ടി സാഹചര്യത്തിൽ **02.02.2024** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ.ഹരിപ്രിയ ഹരിലാൽ,**PEN:943820**,അസിസ്റ്റന്റ് സർജൻ ന്റെ വർക്ക് ആൻ്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

**(3).** ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആൻ്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ഡോ.ഹരിപ്രിയ ഹരിലാൽ,**PEN:943820**,അസിസ്റ്റന്റ് സർജൻ ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Reena K J
Date: 03-06-2026
13:46:18

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്,

**Dr.Haripriya Harilal**

**Vrindavan**

**Pulikkal House P.O**

**Nattika,Thrissur**

**PIN:680566**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),കണ്ണൂർ

3. മെഡിക്കൽ ഓഫീസർ സാമൂഹികാരോഗ്യകേന്ദ്രം ഇരിവേരി കണ്ണൂർ

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ